കേരളം സർക്കാർ

K-SOTTO

## മരണാനന്തര അവയവദാതാക്കളുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ

# സ്നേഹാദരം

# സ്മൃതി വന്ദനം

# 2026

### മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കലും
### കുടുംബാംഗങ്ങളെ ആദരിക്കലും

## സംസ്ഥാനതല ഉദ്ഘാടനം

---

## ശ്രീ. കെ. മുരളീധരൻ

ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി

**2026 സെപ്തംബർ 09, വൈകീട്ട് 3 മണി**

ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ്
ആൻഡ് ടെക്നോളജി, AMCHSS ഓഡിറ്റോറിയം



സുഹൃത്തുക്കളെ,

പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത വേർപാടിൽ സ്വന്തം ലോകം ഇരുണ്ടുപോകുമ്പോഴും, അന്യന്റെ ജീവിതത്തിൽ പ്രത്യാശയുടെ പുതുവെളിച്ചം പകരാൻ മുന്നോട്ടുവന്ന വലിയ മനസ്സുകൾ നമുക്കൊപ്പമുണ്ട്. താങ്ങാനാവാത്ത ദുഃഖത്തിലും മറ്റുള്ളവരുടെ കണ്ണീരൊപ്പാനും, ജീവിതത്തിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്ന നിസ്സഹായരായ മനുഷ്യർക്ക് പുതുജീവൻ സമ്മാനിക്കാനും അവർ കാട്ടിയ കാരുണ്യം സമാനതകളില്ലാത്തതാണ്.

അതിരുകളില്ലാത്ത സ്നേഹവും സമാനതകളില്ലാത്ത ധീരതയും മുൻനിർത്തി ജീവാമൃതം പകർന്ന അത്തരം മഹത് കുടുംബങ്ങളെയാണ് ഈ വർഷം ആദരിക്കുന്നത്. സ്വന്തം വേദനയെ അതിജീവിച്ച് ലോകത്തെ സ്നേഹിക്കാൻ പഠിപ്പിച്ച ഈ കാരുണ്യസാന്നിധ്യങ്ങളെ കേരള സർക്കാരും കെ - സോട്ടോയും ചേർന്ന് ഹൃദയപൂർവ്വം ആദരിക്കുകയും നെഞ്ചോട് ചേർത്തുപിടിക്കുകയും ചെയ്യുന്നു. മരണാനന്തര അവയവദാതാക്കളുടെ കുടുംബാംഗങ്ങളെ ആദരിക്കുന്ന ചടങ്ങും സംസ്ഥാനതല സംഗമവും **2026 സെപ്റ്റംബർ 09 ബുധനാഴ്ച വൈകീട്ട് 3:00 – ന് തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ AMCHSS ഓഡിറ്റോറിയത്തിൽ നടക്കുകയാണ്.**

**ബഹുമാനപ്പെട്ട ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കെ. മുരളീധരൻ ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കുകയും മരണാനന്തര അവയവദാതാക്കളുടെ കുടുംബാംഗങ്ങളെ ആദരിക്കുകയും ചെയ്യും.** ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമിള മേരി ജോസഫ് ഐഎഎസ് ചടങ്ങിൽ അധ്യക്ഷയാകും.

2025 ഓഗസ്റ്റ് മുതൽ 2026 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ അവയവദാനത്തിലൂടെ പുതുജീവൻ സമ്മാനിച്ചവരുടെ 38 കുടുംബാംഗങ്ങളെയും അവയവം സ്വീകരിച്ച് ജീവിതത്തിലേക്ക് തിരിച്ചെത്തിയവരെയും ഈ വേദിയിൽ ആദരിക്കും. അവയവദാന മേഖലയിലെ മികച്ച സംഭാവനകൾക്കുള്ള പുരസ്കാര വിതരണവും മസ്തിഷ്കമരണ നിർണയം മുതൽ അവയവമാറ്റ ശസ്ത്രക്രിയ വരെ നിർണായക പങ്കുവഹിച്ച ആരോഗ്യപ്രവർത്തകരെ ആദരിക്കലും ഇതോടൊപ്പം നടക്കും. ഈ മഹത്തായ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഡോ.ഷർമിള മേരി ജോസഫ് ഐഎഎസ്**
പ്രിൻസിപ്പൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

**ഡോ.നോബിൾ ഗ്രേഷ്യസ് എസ്.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കെ - സോട്ടോ

**ഡോ. കെ.വി. വിശ്വനാഥൻ**
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

# കാര്യപരിപാടികൾ

## 2026 സെപ്തംബർ 09, വൈകിട്ട് 3.00

### ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി

---

**ഈശ്വര പ്രാർത്ഥന**

| | |
|---|---|
| **സ്വാഗതം** | **ഡോ. കെ.വി. വിശ്വനാഥൻ**<br>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ |
| **അധ്യക്ഷൻ** | **ഡോ.ഷർമിള മേരി ജോസഫ് ഐഎഎസ്**<br>പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |

**സ്മൃതിദീപം തെളിയിക്കൽ(മരണാനന്തര അവയവദാതാക്കൾക്കുള്ള ആദരസമർപ്പണം)**

---

**അവയവദാതാക്കളുടെ കുടുംബങ്ങളെ ആദരിക്കലും അവയവദാനമേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള പുരസ്കാര സമർപ്പണവും – സംസ്ഥാനതല ഉദ്ഘാടനം:**

**ശ്രീ. കെ.മുരളീധരൻ**
ബഹു.ആരോഗ്യ – ദേവസ്വം വകുപ്പ് മന്ത്രി

---

| | |
|---|---|
| **മുഖ്യാതിഥി** | **ഡോ.ശശി തരൂർ**<br>ബഹു.എം.പി, തിരുവനന്തപുരം ലോകസഭാ മണ്ഡലം |
| **കെ – സോട്ടോ വാർഷിക റിപ്പോർട്ട് പ്രകാശനം** | **ശ്രീമതി. അനുകുമാരി ഐഎഎസ്**<br>ജില്ലാകലക്ടർ, തിരുവനന്തപുരം |
| **കെ – സോട്ടോ ടോൾഫ്രീ നമ്പർ ലോഞ്ചിംഗ്** | **ഡോ. മീനാക്ഷി വി**<br>ഡയറക്ടർ, ആരോഗ്യവകുപ്പ് |

**അവയവദാതാക്കളുടെ കുടുംബാംഗങ്ങളും സ്വീകർത്താക്കളും അനുഭവം പങ്കുവെക്കൽ**

**മഹനീയ സാന്നിദ്ധ്യം**

**ശ്രീ.അനു എസ് നായർ ഐഎഎസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ

**ഡോ. മീനാക്ഷി വി**
ഡയറക്ടർ, ആരോഗ്യവകുപ്പ്

**ഡോ. സഞ്ജയ് ബെഹാരി**
ഡയറക്ടർ, ശ്രീ ചിത്രാ തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ്ആൻഡ് ടെക്നോളജി, തിരുവനന്തപുരം

**ശ്രീമതി സിന്ധു എസ്.എസ്**
ബഹു. കോർപ്പറേഷൻ കൗൺസിലർ

**ഡോ.ബിന്ദു മോഹൻ**
ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം

**ഡോ. രഞ്ജു രവീന്ദ്രൻ**
പ്രിൻസിപ്പൽ, തിരുവനന്തപുരം
സർക്കാർ മെഡിക്കൽ കോളേജ്

**ശ്രീ. ഡോമി ജോൺ**
സ്റ്റേറ്റ് മാസ് എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫീസർ

**ശ്രീമതി.ഹരിത വി.എൽ**
റീജിയനൽ ഡയറക്ടർ (ഇൻചാർജ്) ആരോഗ്യ കുടുംബക്ഷേ വകുപ്പ്, ഗവൺമെന്റ് ഓഫ് ഇന്ത്യ

---

| | |
|---|---|
| **നന്ദി** | **നോബിൾ ഗ്രേഷ്യസ് എസ്.എസ്**<br>എക്സിക്യൂട്ടീവ് ഡയറക്ടർ, കെ – സോട്ടോ |

# മരണാനന്തരം നിങ്ങളുടെ അവയവങ്ങൾ ദാനം ചെയ്യൂ..

# ജീവനാകൂ !

Scan to pledge

or visit:
notto.abdm.gov.in




**കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ**

**(കെ – സോട്ടോ) (മൃതസഞ്ജീവനി)**

ഒന്നാം നില, ഓൾഡ് ഹൗസ് സർജൻ ക്വാർട്ടേഴ്സ് സൂപ്പർ സെപ്ഷ്യാലിറ്റിയ്ക്ക് സമീപം

തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജ് – 695011

ഫോൺ: 91 471 2528658, 2962748

ksotto.kerala.gov.in, ed.ksotto@kerala.gov.in, ed.ksotto@gmail.com